പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 148 02.05.2017-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ. എസ്.ശർമ്മ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കാരാട്ട് റസാഖ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻ വർഷത്തെ അനുഭവ പാഠത്തിന്റെ അടിസ്ഥാനത്തിൽ, 13-ാം സംസ്ഥാന പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണം സമയബന്ധിതമായി നടത്തുന്നതിനു കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കൃഷി, മണ്ണ് സംരക്ഷണം, ജല സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ മേഖലകളിൽ ഏറ്റെടുത്തു നടത്താൻ മുൻഗണന നൽകേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്; | (ബി) | ഉണ്ട്. കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായുള്ള സംയോജനം, സംയോജിത നീർത്തട പരിപാലനം, ജൈവകൃഷി പ്രോത്സാഹനം, നെല്ലുത്പാദനം വർദ്ധിപ്പിക്കൽ, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം. പഴം-പച്ചക്കറി എന്നിവയുടെ ഉത്പാദന-വിപണന |

| | | | |
|---|---|---|---|
| | | | [illegible] തരിശുഭൂമികളിലെ കൃഷി വികസനം, മഴവെള്ള സംഭരണം, മഴക്കുഴി നിർമ്മാണം, ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, ഗ്രൂപ്പ് മുഖേന സംഘകൃഷിയുടെ പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. |
| **(സി)** | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ മിഷനുകൾ നടപ്പിലാക്കുന്നതിന് അനിവാര്യം വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ? | **(സി)** | ഉണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക വികസനം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവയുള്ള 'ഹരിത കേരളം', സമ്പൂർണ്ണ ഭവനപദ്ധതിയായ ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ 'സംരക്ഷണ യജ്ഞം', ആരോഗ്യ സംരക്ഷണ പരിപാടികൾക്കായുള്ള 'ആർദ്രം മിഷൻ', എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര പരിപാടികളായി നടത്തണമെന്ന നിലയിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസനരേഖയിൽ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**